# അനുവാദം ചോദിക്കൽ

[Malayalam]

# آداب الإستئذان

[ باللغة مليا ]

മുഹമ്മദ് സ്വാദിഖ് മദീനി

إعداد : محمد صادق مديني

എഡിറ്റർ: സുഫ്‌യാൻ അബ്ദുസ്സലാം

مراجعة : سفيان عبد السلام

ISLAMIC DA'WAH & GUIDANCE CENTER- DAMMAM- KSA
8272772, 8054445 www.islamwhy.com

بِسْمِ اللّٰهِ الرَّحْمَنِ الرَّحِيم

അല്ലാഹു ഇഷ്ടപ്പെടുകയും, പൂർത്തീക രിക്കുകയും, സമ്പൂർണ്ണമാക്കുകയും ചെയ്ത മതമാകുന്ന പരിശുദ്ധ ഇസ്‌ലാം. മനുഷ്യനെ ഉൽകൃഷ്ട സ്വഭാവത്തിലേക്കും സംസ്കാരത്തിലേക്കും ആനയിക്കുന്നു. അവന്റെയടുക്കൽ സ്വീകാര്യ യോഗ്യമായ എകമതമാകുന്ന ഇസ്‌ലാമിന്റെ എതെങ്കിലും സന്ദേശങ്ങൾ മനുഷ്യരാശിക്ക് ദോഷകരമായി ഭവിച്ചിട്ടില്ല, പ്രത്യുത അവനെ അഭിവൃദ്ധിയുടെ രാജപാതയിലേക്കാണ് നയിക്കുക. സാമൂഹ്യ ജീവിയായ മനുഷ്യൻ തന്റെ സഹജീവികളുമായി പല തലങ്ങളിലും ബന്ധപ്പെടുന്നവനാണ്. സംസാരങ്ങളിലും ക്രയവിക്രയങ്ങളിലും ഇടപഴകലി ലുമെല്ലാം പല മര്യാദകളും അവൻ പാലിക്കേണ്ടതുണ്ട്. ഗ്രഹ സന്ദർശനം നടത്തുമ്പോൾ തന്റെ വീടാണ് എന്ന ധാരണയിൽ അന്യവീട്ടിൽ പെരുമാറിയാൽ അത് ആഭാസകരവും ആഥിതേയർക്ക് അസഹ്യതയും സൃ ഷ്ടിക്കന്നതുമായിരിക്കും. മനുഷ്യന്റെ അഭിമാനത്തിന് മഹത്തായ സ്ഥാനമാണ് ഇസ്‌ലാം നൽകുന്നത്. അതിനാൽ ഒരു വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ ഉള്ള ഇസ്‌ലാമികമായ ശാസനകളും മര്യാദകളും മനുഷ്യർ പാലിക്കേണ്ടതുണ്ട്. അവയിൽ ചിലതാണ് ചുവടെ ചേർക്കുന്നത്.

***(1) അനുവാദം ചോദിക്കുക, സലാം പറയുക***

**അല്ലാഹു പറയുന്നു “ഹേ; സത്യവിശ്വാസികളേ, നിങ്ങളുടെതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക്**

**ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ (ഇതു പറയുന്നത്)"(വി:ഖു24:27)**

അബൂമൂസൽ അശ്അരിؓവിൽ നിന്നും ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇപ്രകാരം കാണാം: **മദീനയിലെ ഒരു തോട്ടത്തിൽ നബിﷺ ഇരിക്കുകയായിരുന്നു. അതിന്റെ കവാടത്തിൽ പാറാവുകാരനായി അബൂമൂസൽ അശ്അരിؓനിന്നു. അപ്പോൾ അബൂബക്കർؓ വന്നു പ്രവാചകൻﷺയുടെ അടുത്ത് പ്രവേശിക്കുവാൻ അനുവാദം ചോദിച്ചു അദ്ദേഹം അവിടെ കാത്തുനിന്നു അബൂമൂസൽ അശ്അരിؓ പ്രവാചകന്റെ അടുത്ത് പോയി വിവരം പറഞ്ഞു. അദ്ദേഹത്തിന് പ്രവേശിക്കുവാൻ അനുവാദം നൽകി. പിന്നീട് ഉമർؓവും ശേഷം ഉസ്മാൻؓവും വരികയും അവരെല്ലാം പ്രവാചകൻﷺയുടെ അനുവാദം ലഭിക്കുന്നതുവരെ കവാടത്തിൽ കാത്തുനിൽക്കുകയും ചെയ്തു.**

***(2) അനുവാദം ചോദിക്കേണ്ട രൂപം***

**''ബനൂ ആമിർ ഗോത്രത്തിൽനിന്നും ഒരാൾ വന്നു അയാൾ റസൂൽﷺ യോട് അനുവാദം ചോദിച്ചു, പ്രവാചകൻ വീട്ടിലായിരുന്നു. അദ്ദേഹം പറഞ്ഞു; ഞാൻ (വീട്ടിൽ) പ്രവേശിക്കട്ടെ. അപ്പോൾ റസൂൽﷺ തന്റെ വേലക്കാരനോട് പറഞ്ഞു: അദ്ദേഹത്തിന്റെ അടുത്ത് പോയി അനുവാദം ചോദിക്കുന്നത് എങ്ങിനെയാണെന്ന് പഠിപ്പിക്കുക. അദ്ദേഹത്തോട് പറയുക; അസ്സലാമു അലൈക്കും. ഞാൻ (വീട്ടിൽ) പ്രവേശിക്കട്ടെ. റസൂൽﷺ യിൽ നിന്നുള്ള ആ സംസാരം അയാൾ കേട്ടു, അപ്പോൾ അദ്ദേഹം പറഞ്ഞു; അസ്സലാമുഅലൈ ക്കും, ഞാൻ പ്രവേശിക്കട്ടെ? അപ്പോൾ റസൂൽﷺ അദ്ദേഹ**

**ത്തിന് അനുമതി നൽകുകയും അദ്ദേഹം പ്രവേശി ക്കുകയും ചെ യ്തു'' (അബൂദാവൂദ്).**

***(3) എവിടെ നിൽക്കണം***

ഒരു വീട്ടിലേക്ക് കേറാൻ അനുവാദം ചോദിക്കുമ്പോൾ വാതിലിന്റെ മുമ്പിൽ നിൽക്കാതെ ഏതെങ്കിലും ഭാഗ ത്തേക്ക് മാറിനിന്നുകൊണ്ടായിരിക്കണം. കാരണം പെ ട്ടെ ന്ന് വാതിൽ തുറക്കുമ്പോൾ അപ്രതീക്ഷിതമായി വല്ല അനിഷ്ടകരമായ കാഴ്ചകൾ ദർശിക്കുകയും അത് അഭിമാനത്തിന് ക്ഷതം വരുത്തുകയും ചെയ്തേക്കാം.

**''നബി ﷺ ഒരു സമുദായത്തിന്റെ കവാടത്തിൽ എത്തി യാൽ വാതിലിന് അഭിമുഖമായി നിൽക്കാതെ വല ത്തോട്ടോ ഇടത്തോട്ടോ മാറിനിൽക്കും. എന്നിട്ട് അസ്സ ലാമു അലൈക്കും, അസ്സലാമു അലൈക്കും എന്ന് പറയും'' (അബൂദാവൂദ്) പ്രവാചകതിരുമേനിയു ടെ വാതിലിന് അഭിമുഖമായി നിന്ന് ഒരാൾ അനുവാദം ചോദിച്ചപ്പോൾ പ്രവാചകൻ ﷺ അദ്ദേഹത്തോട് പറ ഞ്ഞു അങ്ങോട്ടോ ഇങ്ങോട്ടോ മാറിനിൽക്കുക. ഘറാ മിൽ ദൃഷ്ടിപതിയാതിരിക്കുവാനാണ് അനുവാദം ചോ ദിക്കൽ നിയമമാക്കപെട്ടത്'' (അബൂദാവൂദ്).**

***(4) വാതിലിൽ മുട്ടുക***

സന്ദർശകൻ വീടിന്റെ വാതിൽ സൗമ്യമായി മുട്ടു കയും തന്നെ പരിചയപ്പെടു ത്തുകയും വേണം. ആരാണ് എന്ന ചോദ്യത്തിന് 'ഞാൻ' 'ഞാൻ' എന്ന് പറയൽ മര്യാദയിൽ പെട്ടതല്ല.

**ജാബിർ رضي الله عنه വിൽനിന്ന് നിവേദനം: എന്റെ പിതാവിന് ഉണ്ടായിരുന്ന ഒരു കടത്തി(ന്റെ വിഷയത്തി)ൽ ഞാൻ നബി ﷺ യുടെ അടുത്ത് ചെന്നു. അങ്ങിനെ ഞാൻ വാതിലിൽ മുട്ടി അദ്ദേഹം ചോദിച്ചു: ആരാണത്? ഞാൻ പറഞ്ഞു: 'ഞാൻ' അപ്പോൾ അദ്ദേഹം ചോദിച്ചു**

**ഞാൻ, ഞാൻ! അദ്ദേഹം അത് വെറുത്തതുപോലെ! (ബുഖാരി).**

***(5) അനുവാദം ചോദിക്കൽ ആവർത്തിക്കുക***

വീട്ടിൽ പ്രവേശിക്കുവാൻ അനുവാദം ചോദിച്ച ഉടനെ വാതിൽ തുറന്ന് അകത്ത് പ്രവേശിക്കരുത്, വീട്ടിൽ നിന്ന് പ്രതികരണം ഇല്ലെങ്കിൽ മൂന്നു പ്രാവശ്യം വരെ ചോദ്യം ആവർത്തിക്കുക. മറുപടി ലഭിക്കാതിരിക്കുക യോ, അനുമതി നിഷേധിക്കുകയോ ചെയ്താൽ മാന്യമായും ക്ഷമയോടും കൂടി മടങ്ങിപ്പോരുക. അല്ലാഹു പറയുന്നു::

**"ഇനി നിങ്ങൾ അവിടെ ആരെയും കണ്ടെത്തിയില്ലെ ങ്കിൽ നിങ്ങൾക്ക് സമ്മതം കിട്ടുന്നത്വരെ നിങ്ങൾ അ വിടെ കടക്കരുത്. നിങ്ങൾ തിരിച്ചു പോകൂ എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ തിരിച്ചുപോകണം. അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിവു ള്ളവനാ കുന്നു." (വി:ക്വു: 24:28)**

**നബിﷺ പറഞ്ഞു: ''നിങ്ങളിൽ ഒരാൾ മൂന്നു പ്രാവശ്യം പ്രവേശനാനുമതി ചോദിച്ചാൽ അവന് അനുമതി ലഭിച്ചില്ല എങ്കിൽ അവൻ മടങ്ങിപ്പോരട്ടെ'' (ബുഖാരി).**

*ഇമാം ക്വതാദ പറയുന്നു:: "ഒന്നാമത്തെ പ്രാവശ്യമുള്ള ചോദ്യത്താൽ ജീവനുള്ള ആരെങ്കിലും അവിടെ ഉണ്ടെങ്കിൽ കേൾക്കും, രണ്ടാം പ്രാവശ്യം അവർ വേണ്ട കരുതൽ സ്വീകരിക്കും, മൂന്നാം പ്രാവശ്യം അവർ ഉദ്ദേശിച്ചാൽ അനുമതി നൽകുകയോ മടക്കി അയക്കുകയോ ചെയ്യും. നിന്നെ മടക്കി അയച്ച ഒരു വീട്ടുപടിക്കൽ നീ കാത്തുനിൽക്കരുത്. കാരണം ജന ങ്ങൾക്ക് അവരുടെ ജോലികളും അവരുടെ ചുറ്റുപാ ടുകളുമുണ്ട്".*

ഒരു വീട്ടിൽ നിന്നും മറുപടി ലഭിച്ചില്ല എങ്കിൽ വാതിൽ ശക്തമായി തട്ടുകയും അ വിടെ കാത്തുനിൽകുന്നതും ശരിയല്ല. മാത്രമല്ല പൈ ശാചിക ചിന്തയാൽ ആ വീട്ടുകാരനെ സംബന്ധിച്ച് സമൂഹ ത്തിൽ മോശമായി ചിത്രീകരിക്കുകയും അവ ന്റെ അഭിമാനത്തിന് ക്ഷതം വരുത്തുന്നതും ഭൂഷണമല്ല. ഇനിയൊരിക്കലും ആ വീടുമായി യാതൊരു ബന്ധവു മില്ല എന്ന പ്രതിജ്ഞ എടുക്കലും ശരിയല്ല. വാതിൽ പ ഴുതിലൂടെയും വിടവിലൂടെയും ജനലുകൾ തുറന്നും എത്തിനോക്കു ന്നത് പ്രവാചകൻ ﷺ ശക്തമായി നിരോധിച്ചു.

**നബി ﷺ പറഞ്ഞു:'' നിന്റെ അനുവാദം ഇല്ലാതെ ഒരാൾ നിന്റേമേൽ എത്തിനോക്കുകയും നീ അവനെ ചരൽ കല്ല് എടുത്ത് എറിയുകയും അവന്റെ കണ്ണ് നഷ്ട പ്പെടുകയും ചെയ്താൽ നിന്റേമേൽ കുറ്റമില്ല'' (ബുഖാരി)**

മറ്റൊരു റിപ്പോർട്ടിൽ; 'നിന്റെ അനുവാദമി ല്ലാതെ നിന്റെ വീട്ടിലേക്ക് എത്തിനോക്കിയാൽ'.. എന്നാണ്.

**സഹ്ൽ ഇബ്നു സഅദ് رضي الله عنه വിൽനിന്ന് നിവേദനം: ഒരാ ൾ വാതിലിലൂടെ പ്രവാചകൻ ﷺ യുടെ അറയിലേക്ക് എത്തി നോക്കി പ്രവാചകന്റെ കയ്യിൽ തല ചൊറി യാൻ ഉപയോഗിക്കുന്ന ഒരു കോൽ ഉണ്ടായിരുന്നു പ്രവാചകതിരുമേനി അയാളെ കണ്ടു. അപ്പോൾ ഇപ്ര കാരം പറഞ്ഞു: 'നീ എന്നെയാണ് നോക്കുന്നത് എന്ന് ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ ഇതു കൊണ്ട് ഞാൻ നിന്റെ കണ്ണിൽ കുത്തുമായിരുന്നു., ഹറാമിൽ ദൃഷ്ടി പതിയാതിരിക്കുവാനാണ് അനുവാദം ചോദിക്കൽ നിയമമാക്കപെട്ടത്'' (ബുഖാരി).**

***(6) വീട്ടിൽ ആളില്ലെങ്കിൽ***

മുൻകൂട്ടി അനുവാദം ഇല്ലെങ്കിൽ ആളി ല്ലാത്ത വീട്ടിൽ പ്രവേശിക്കുവാൻ പാടില്ല. എന്നാൽ ആൾപാർപ്പില്ലാ

ത്ത പൊതു ജനങ്ങൾക്ക് ഉപയോഗിക്കാവുന്ന സത്ര ങ്ങൾ, അഥിതി മന്ദിരങ്ങൾ തുടങ്ങിയ വീടുകളാണെ ങ്കിൽ  അത്തരം വീട്ടിൽ അത്യാവശ്യത്തിന് പ്രവേശി ക്കാവുന്ന താണ്. അല്ലാഹു പറയുന്നു :

**“ആൾപാർപ്പില്ലാത്തതും, നിങ്ങൾക്ക് എന്തെങ്കിലും ഉപ യോഗ മുള്ളതുമായ ഭവനങ്ങളിൽ നിങ്ങൾ പ്രവേശി ക്കുന്നതിന് നിങ്ങൾക്ക് കുറ്റമില്ല. നിങ്ങൾ വെളിപ്പെടു ത്തുന്നതും ഒളിച്ചുവെക്കുന്നതും അല്ലാഹു അറിയു ന്നു.” (വി: ക്വു: 24:29.)**

ഒരു വീട്ടിൽ തന്നെ താമസിക്കുന്ന സഹോദരങ്ങൾ മറ്റുള്ളവരുടെ മുറികളിലേക്ക് പ്രവേശിക്കുവാൻ അനുവാദം വാങ്ങേ ണ്ടതുണ്ട്. വിവാഹബന്ധം നിഷിദ്ധ മായ വരായിരുന്നാ ലും ശരി.  അല്ലാഹു പറയുന്നു:

**“സത്യവിശ്വാസികളേ, നിങ്ങളുടെ വലതുകൈകൾ ഉടമ പ്പെടുത്തിയവ (അടിമകൾ)രും, നിങ്ങളിൽ പ്രായ പൂർത്തി എത്തിയിട്ടില്ലാത്തവരും മൂന്ന് സന്ദർഭങ്ങളിൽ നിങ്ങളോട് (പ്രവേശനത്തിന്) അനുവാദം തേടി ക്കൊ ള്ളട്ടെ. പ്രഭാത നമസ്കാരത്തിനു മുമ്പും, ഉച്ച സമയ ത്ത് (ഉറങ്ങുവാൻ) നിങ്ങളുടെ വസ്ത്രങ്ങൾ മാറ്റിവെ ക്കുന്ന സമയത്തും, ഇശാ നമസ്കാരത്തിന് ശേഷവും. നിങ്ങളുടെ മൂന്ന് സ്വകാര്യ സന്ദർഭങ്ങളത്രെ ഇത്. ഈ സന്ദർഭങ്ങൾക്ക് ശേഷം നിങ്ങൾക്കോ അവർക്കോ (കൂടിക്കലർന്ന് ജീവിക്കുന്നതിന്) യാതൊരു കുറ്റവു മില്ല. അവർ നിങ്ങളുടെ അടുത്ത് ചുറ്റി നടക്കുന്ന വരത്രെ. നിങ്ങൾ അന്യോന്യം ഇടകലർന്ന് വർത്തി ക്കുന്നു. അപ്രകാരം അല്ലാഹു നിങ്ങൾക്ക് തെളിവു കൾ വിവരിച്ചുതരുന്നു. അല്ലാഹു സർവ്വജ്ഞനും യു ക്തിമാനുമാകുന്നു. നിങ്ങളിൽ നിന്നുള്ള കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ അവരും അവർക്ക് മുമ്പു ള്ളവർ സ മ്മതം ചോദിച്ചത് പോലെത്തന്നെ സമ്മതം ചോദിക്കേണ്ടതാണ്. അപ്രകാരം അല്ലാഹു നിങ്ങൾക്ക്**

**അവന്റെ തെളിവുകൾ വിവരിച്ചു തരുന്നു. അല്ലാഹു സർവ്വജ്ഞനും യുക്തി മാനുമാകുന്നു. (വി:ക്വു::24:58).**

സ്വന്തം ഭവനത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പും ചെരുപ്പ് ചലിപ്പിച്ചോ തൊണ്ടയനക്കിയോ മുന്നറിയിപ്പ് നൽകൽ ഉത്തമമാണ്, സലഫുസ്വാലിഹീങ്ങളുടെ ചര്യകൾ പരതിയാൽ അപ്രകാരം കാണാവുന്നതാണ്. അല്ലാഹു പറയുന്നു:

**"(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃ ഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവ നാകുന്നു. സത്യവിശ്വാസിനി കളോടും അവരുടെ ദൃ ഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങ ൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായ തൊഴിച്ച് മറ്റൊന്നും വെളിപ്പെടു ത്താതിരിക്കുവാനും നീ പറയുക..." (വി:ക്വു::24:30,31).**

ഈ ചര്യകൾ മനുഷ്യർ മനസ്സറിഞ്ഞ് ഉൾകൊണ്ടി രുന്നുവെങ്കിൽ അവർക്കി ടയിൽ സ്നേഹം വർദ്ധിക്കു കയും അഭിമാനം സുരക്ഷിതമാവുകയും, ഇഹപര നേട്ട ങ്ങൾ കൈവരിക്കുകയും ചെയ്യുമായിരുന്നു..

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين.

***************